"ഭരണഭാഷ - മാതൃഭാഷ"


വെബ്സൈറ്റ് : www.keralapsc.gov.in
ഇ-മെയിൽ : kpsc@keralapsc.org
ഫോൺ : 0471-2546414


10 AUG 2018

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

നമ്പർ AA & VWII(1)/ 26371/13/GW 68623

തിരുവനന്തപുരം.
തീയതി : 03/08/2018

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം.

**ഡയറക്ടർ**
**ആരോഗ്യ വകുപ്പ് ഡറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ പി. ഒ**
**തിരുവനന്തപുരം -11**

സർ,

**വിഷയം** :- നിയമന പരിശോധന — ഉദ്യോഗസ്ഥർ ഹാജരാകുന്നത് - സംബന്ധിച്ച്.

**സൂചന** :- (1) 14.12.2010 തീയതിയിലെ 41/2010/ഉ.ഭ.പ.വ. നമ്പർ കത്ത്.
(2) താങ്കളുടെ 19.07.2018, 20.07.2018 എന്നീ തീയതികളിലെ EA3-51692/2018/HSD നമ്പർ കത്ത്.

***************

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്യുന്നതും സർവ്വീസ് റെഗുലറൈസ് ചെയ്യപ്പെടേണ്ടതുമായ 3 ഉദ്യോഗസ്ഥരുടെ തിരിച്ചറിയൽ പത്രികകൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല എന്ന് സൂചനപ്രകാരം അറിയിച്ചിട്ടുള്ളതിനാൽ, ടി ഉദ്യോഗസ്ഥരുടെ തിരിച്ചറിയൽ പത്രികകൾ പുന:സൃഷ്ടിച്ച് നിയമന പരിശോധനാ നടപടികൾ പൂർത്തിയാക്കുന്നതിനായി ടി ഉദ്യോഗസ്ഥരുടെ നിയമന പരിശോധന 21.08.18-ാം തീയതി രാവിലെ 11.30 ന് നടത്തുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| Sl. No. | Name | Designation | Date | Time | Remarks |
|---|---|---|---|---|---|
| 1 | Sri. JAVED ANEES P | Assistant Surgeon | 21.08.18 | 11:30 AM | |
| 2 | Smt SUSHIBA N | Assistant Surgeon | " | " | |
| 3 | Smt NAIR SOUMYA GOPINATH | Assistant Surgeon | " | " | |

**ടി ഉദ്യോഗസ്ഥർക്ക് പ്രസ്തുത തീയതിയിലും സമയത്തും സർവ്വീസ് വെരിഫിക്കേഷന് വേണ്ടി പി.എസ്.സി. യുടെ പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ ഹാജരാകണമെന്ന നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്. ടി ഉദ്യോഗസ്ഥരുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് പുന:സൃഷ്ടിക്കുന്നതിനായി പാസ്പോർട്ട് സൈസ് ഫോട്ടോ(1 എണ്ണം), SSLC ബുക്ക് അസ്സൽ, ആധാർ എന്നിവ ഹാജരാക്കേണ്ടതാണ്.** വെരിഫിക്കേഷൻ സമയത്ത് നിയമനശിപാർശാകത്തിലെ മേൽവിലാസം തെളിയിക്കുന്നതിനായി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താഴെപ്പറയുന്ന **തിരിച്ചറിയൽ രേഖകളിലേതെങ്കിലും ഒന്നും, ജോലി ചെയ്യുന്ന സ്ഥാപനത്തിൽ/വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള പക്ഷം ആയതും കൂടി** നിർബന്ധമായും വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കണമെന്ന് ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശം നൽകേണ്ടതാണ്. **നിയമന ശിപാർശാകത്തിലെ മേൽവിലാസം തിരിച്ചറിയൽ രേഖയിലെ മേൽവിലാസവും വ്യത്യസ്തമാണെങ്കിൽ ടി മേൽവിലാസങ്ങളിലെ വ്യക്തി ഒരാൾ തന്നെയെന്ന് തെളിയിക്കുന്ന സർട്ടഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ/വില്ലേജ് ഓഫീസർ നൽകിയത്) ഹാജരാക്കണമെന്നുകൂടി നിർദ്ദേശം നൽകേണ്ടതാണ്.**

1. ഇലക്ഷൻ കമ്മീഷൻ നൽകിയ വോട്ടർ ഐഡന്റിറ്റി കാർഡ്.
2. ദേശസാത്കൃത ബാങ്കുകൾ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്
3. ഡ്രൈവിംഗ് ലൈസൻസ്
4. പാസ്പോർട്ട്
5. അഡ്വക്കേറ്റ് ആയി എൻറോൾ ചെയ്യവർക്ക് ബാർ കൗൺസിൽ നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്
6. സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്കു നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്
7. കേരള സംസ്ഥാനത്തിലെ സർവ്വകലാശാല ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്
8. വിമുക്ത ഭടന്മാരുടെ ഡിസ്ചാർജ് സർട്ടിഫിക്കറ്റ്/ജില്ലാ സൈനിക ക്ഷേമ ഓഫീസർ വിമുക്ത ഭടന്മാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്
9. മോട്ടോർ വാഹന വകുപ്പ് നൽകുന്ന കണ്ടക്ടർ ലൈസൻസ്
10. കേന്ദ്ര ഗവൺമെന്റ് നൽകുന്ന ആധാർ കാർഡ്
11. വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന ഫോട്ടോ പതിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്
12. ഷെഡ്യൂൾഡ് ബാങ്കുകൾ/ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്/ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്

വിശ്വസ്തതയോടെ

**സുരേഷ് വി**
**ഡെപ്യൂട്ടി സെക്രട്ടറി**
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറിയ്ക്കുവേണ്ടി